REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 04-10-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ‘PM സേതു’ അടക്കം 62,000 കോടിയിൽപ്പരം രൂപയുടെ യുവകേന്ദ്രീകൃത സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കമിട്ടു.
- രണ്ടു വയസ്സിൽ കുറഞ്ഞ കുട്ടികൾക്ക് ചുമ സിറപ്പോ, ജലദോഷ മരുന്നുകളോ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന് കേന്ദ്രനിർദ്ദേശം.
- ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ മോഹൻലാലിനെ ആദരിക്കുന്ന 'മലയാളം വാനോളം, ലാൽസലാം' പരിപാടി വൈകീട്ട് തിരുവനന്തപുരത്ത്.
- ഇന്നലെ അന്തരിച്ച മുതിർന്ന മാധ്യമപ്രവർത്തകൻ TJS ജോർജ്ജിന് നാടിന്റെ അന്ത്യാഞ്ജലി. സംസ്കാരം നാളെ.
- അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസിന് ബാറ്റിംഗ് തകർച്ച.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി 62,000 കോടിയിൽപ്പരം രൂപയുടെ യുവ കേന്ദ്രീകൃത സംരംഭങ്ങൾക്ക് ന്യൂഡൽഹിയിൽ തുടക്കമിട്ടു. യുവജനങ്ങളിലെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്ന ‘PM-സേതു’ പദ്ധതിയിൽ രാജ്യത്തെ ആയിരം ITI കളുടെ മെച്ചപ്പെടുത്തലാണ് ഇവയിലൊന്ന്.**

**34 സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും നവോദയ വിദ്യാലയങ്ങളിലും, ഏകലവ്യ റസിഡൻഷ്യൽ സ്കൂളികളിലും**

സ്ഥാപിക്കുന്ന 1,200 തൊഴിലധിഷ്ഠിത സ്കിൽ ലാബുകളും പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. ചടങ്ങിനുമുമ്പ് ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ITI കോഴ്സുകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രധാനമന്ത്രി പുരസ്കാരങ്ങൾ സമ്മാനിച്ചു. കേന്ദ്രമന്ത്രി ജയന്ത് ചൗധരിയും ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കാർഷിക സർവകലാശാലകളിലെ 20 ശതമാനം ബിരുദ സീറ്റുകളും അഖിലേന്ത്യാ മത്സര പരീക്ഷയിലൂടെ നികത്തുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ഒരു രാഷ്ട്രം, ഒരു കൃഷി, ഒരു സംഘം എന്ന ആശയത്തിന് അനുസൃതമായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ പരീക്ഷ നടത്തുമെന്നും ഈ തീരുമാനത്തോടെ രാജ്യത്തെ വിദ്യാർത്ഥികൾക്ക് പ്രവേശനം ലളിതവും ഏകീകൃതവുമാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ പ്രതിരോധ ഉത്പന്ന കയറ്റുമതി 2029 ഓടെ 50,000 കോടി രൂപയിലെത്തുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. നിലവിൽ ഇത് 24,000 കോടി രൂപയാണ്. 11 വർഷം മുമ്പ് ഉത്പന്ന കയറ്റുമതി വെറും 600 കോടി രൂപയുടേതായിരുന്നുവെന്നും കേന്ദ്രമന്ത്രി ഹൈദരാബാദിൽ പറഞ്ഞു. ഇന്ത്യ ലോകത്തിന്റെ ഉത്പാദന ശാലയായി മാറുന്ന ദിവസം വിദൂരമല്ലെന്നും രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

✪✪✪

രണ്ടു വയസ്സിൽ കുറഞ്ഞ കുട്ടികൾക്ക് ചുമ സിറപ്പോ, ജലദോഷ മരുന്നുകളോ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന് കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. അഞ്ചിനു താഴെ പ്രായക്കാർക്ക് കഫ് സിറപ്പും, ഒന്നിലേറെ മരുന്നുകൾ അടങ്ങിയ സംയുക്തങ്ങളും നൽകുന്നതിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു. മിക്ക കുട്ടികളിലെയും ചുമ, മരുന്ന് ഇല്ലാതെ തന്നെ ഭേദമാകുന്നവയാണെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ സംഘം പട്നയിലെത്തി. തിരഞ്ഞെടുപ്പ്

കമ്മീഷണർമാരായ ഡോ.സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവർ സംഘത്തിലുണ്ട്. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന്, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി സംഘം കൂടിക്കാഴ്ച നടത്തും.

✪✪✪

വികസിത് ഭാരത് ബിൽഡത്തണിൽ പങ്കെടുക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് തിങ്കളാഴ്ച വരെ അപേക്ഷകൾ സമർപ്പിക്കാമെന്ന് മന്ത്രാലയം അറിയിച്ചു. നിത്യ ജീവിതത്തിലെ വെല്ലുവിളികൾ നേരിടാനും, ആദ്യ മാതൃകകൾ തയ്യാറാക്കാനും, സംഘം ചേർന്ന് കണ്ടെത്തലുകൾ നടത്താനും വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയാണ് ബിൽഡത്തോണിന്റെ ലക്ഷ്യം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞമാസം 22 നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായ ലാഭോത്സവം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. സാധനങ്ങൾക്കും സേവനങ്ങൾക്കും നികുതി നിരക്ക് കുറച്ചതിലൂടെ ജനങ്ങൾക്ക് ഗണ്യമായ ആശ്വാസമാണ് ലഭിക്കുന്നത്. വാണിജ്യ- ചരക്കു വാഹനങ്ങൾക്ക് വരുത്തിയ GST നിരക്ക് ഇളവിനെപ്പറ്റി ഒരു റിപ്പോർട്ട്...

.....(വോയ്സ്)......

വരുംതലമുറ GST പരിഷ്കാരങ്ങൾ ചരക്ക്- ഗതാഗത മേഖലകൾക്ക് വലിയ ആശ്വാസമാണ് നൽകിയത്. ട്രക്കുകൾക്കും, ചരക്കു വിതരണ വാനുകൾക്കും 28 ശതമാനമായിരുന്ന GST, 18 ശതമാനമായി കുറച്ചു. ഇത് ചെറുകിട- ഇടത്തര - ഗതാഗത ഓപ്പറേറ്റർമാർക്ക് പ്രവർത്തന ചെലവ് വലിയതോതിൽ കുറച്ചു. ഈ നടപടി രണ്ട് മേഖലകളെയും കൂടുതൽ ഫലപ്രദമാക്കാൻ കാരണമാകുമെന്നാണ് വിലയിരുത്തൽ. മൂലധന ചെലവിൽ വരുന്ന കുറവ്, ചരക്കുനീക്കത്തിന്റെ ചെലവും കുറയ്ക്കാൻ ഇടയാക്കും. ഇതോടെ വിതരണ ശൃംഖല കൂടുതൽ ശക്തമാവുകയും, കയറ്റുമതി മത്സരശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. കാർഷികോത്പന്നങ്ങളുടെയും, സിമന്റിന്റെയും, ഉരുക്കിന്റെയും ഉപഭോക്തൃ സാധനങ്ങളുടെയും E- കൊമേഴ്സ് സേവനങ്ങളുടെയും നിരക്കിലും കുറവ് വരുത്തും.

✪✪✪

ജപ്പാന്റെ ആദ്യ വനിതാ പ്രധാനമന്ത്രിയായി സനൈ താക്കാച്ചി ഈ മാസം 15 ന് സ്ഥാനമേൽക്കും. ഭരണകക്ഷിയായ ലിബറൽ ഡെമോക്രാറ്റിക് പാർട്ടി നേതാവായി ഇന്ന് അവരെ തിരഞ്ഞെടുക്കുകയായിരുന്നു.

✪✪✪

ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്ന 'മലയാളം വാനോളം, ലാൽസലാം' പരിപാടി വൈകീട്ട് തിരുവനന്തപുരത്ത് നടത്തും. സെൻട്രൽ സ്റ്റേഡിയത്തിലെ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന ഗവൺമെന്റിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. പരിപാടിയിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബമ്പർ ടിക്കറ്റിന്റെ പ്രകാശനവും അൽപ്പസമയത്തിനകം നടത്തും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് ഒരു മണിയോടെ മന്ത്രി K.N ബാലഗോപാൽ നറുക്കെടുപ്പും, പ്രകാശനവും ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ TJS ജോർജ്ജിന് നാടിന്റെ അന്ത്യാഞ്ജലി. മണിപ്പാലിലെ ആശുപത്രിയിൽ ഇന്നലെ വൈകിട്ടായിരുന്നു 97 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. പത്രാധിപർ, കോളമിസ്റ്റ്, ജീവചരിത്രകാരൻ എന്നീ നിലകളിൽ അദ്ദേഹം മാധ്യമരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു.

2011-ൽ രാജ്യം അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ സ്വദേശാഭിമാനി-കേസരി പുരസ്കാരവും 2019-ൽ അദ്ദേഹത്തിന് ലഭിച്ചു. സംസ്കാരം നാളെ ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാനത്തിൽ നടത്തും. രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ നിരവധി പ്രമുഖർ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

**എലത്തൂർ നിയോജക മണ്ഡലത്തിൽ വനംവകുപ്പിന്റെ പരാതി പരിഹാര അദാലത്ത് സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ പരാതികൾ കേൾക്കുകയും അതിന് പരിഹാരം ഉണ്ടാക്കേണ്ടതും ഗവൺമെന്റിന്റെ ബാധ്യതയാണെന്ന് സ്പീക്കർ പറഞ്ഞു. കക്കോടി പ്രിൻസ് ഓഡിറ്റോറിയത്തിൽ 'കൂടെയുണ്ട്, കരുത്തായി കരുതലായി' എന്ന അദാലത്തിലേക്ക് 715 പരാതികളാണ് ലഭിച്ചത്.**

**✪✪✪**

**ശബരിമലയിലെ സ്വർണപ്പാളി ചെന്നൈയിൽ കൊണ്ടുപോയതിൽ വീഴ്ചയില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് P.S പ്രശാന്ത് വിശദീകരിച്ചു. ഉണ്ണികൃഷ്ണൻ പോറ്റിയുടെ പേരിലാണ് 40 വർഷത്തെ വാറന്റിയെന്നും അതുകൊണ്ടാണ് അദ്ദേഹത്തെ കൂട്ടേണ്ടി വന്നതെന്നും പ്രസിഡന്റ് തിരുവനന്തപുരത്ത് പറഞ്ഞു. സംഭവം വിശദമായി അന്വേഷിക്കണമെന്നും പ്രശാന്ത് ആവശ്യപ്പെട്ടു.**

**✪✪✪**

**ശബരിമലയിലെ ദ്വാരപാലക ശിൽപ്പത്തിന്റെ പാളികൾ സ്വർണം പൊതിഞ്ഞതുമായി ബന്ധപ്പെട്ട വിഷയത്തിൽ സമഗ്രമായ അന്വേഷണം വേണമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി ആവശ്യപ്പെട്ടു. സംഭവത്തിൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണം പരിഗണിക്കണമെന്നും വിശ്വാസികൾക്ക് ഗവൺമെന്റിലെ വിശ്വാസം നഷ്ടപ്പെട്ടെന്നും അനൂപ് ആന്റണി മലപ്പുറത്ത് പറഞ്ഞു.**

**✪✪✪**

**ശബരിമലയിൽ ദ്വാരപാലക വിഗ്രഹത്തിൽ 1998 ൽ വിജയ് മല്യ വഴിപാടായി സമർപ്പിച്ച സ്വർണ്ണപ്പാളികൾ 2019 ൽ സ്വർണ്ണം അല്ലാതായത് എങ്ങനെയാണെന്ന് സമഗ്രമായി അന്വേഷിക്കണമെന്ന് പന്തളം കൊട്ടാര നിർവ്വാഹക സംഘം വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. 2019 നു മുമ്പ് സ്വർണം നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും അവർ നിർദ്ദേശിച്ചു.**

**✪✪✪**

**വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിലേയ്ക്ക് മാർച്ചും നാമജപ ഘോഷയാത്രയും നടത്തി. ശബരിമലയിലെ സ്വർണമോഷണം കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്നും, ദേവസ്വം ബോർഡിന്റെ**

അഴിമതി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു ആറന്മുള പാർഥസാരഥി ക്ഷേത്രത്തിന് സമീപത്തെ ഓഫീസിലേയ്ക്ക് മാർച്ച്.

✪✪✪

അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റിൻഡീസിന് ബാറ്റിംഗ് തകർച്ച. 448 റൺസിന് ഡിക്ലയർ ചെയ്ത ഇന്ത്യയ്ക്കെതിരെ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വിൻഡീസ് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 86 റൺസെടുത്തിട്ടുണ്ട്.

രണ്ടാം ദിവസം കളി അവസാനിക്കുമ്പോൾ ഇന്ത്യ അഞ്ച് വിക്കറ്റിന് 448 റൺസെടുത്തിരുന്നു. മൂന്നാം ദിവസം ഇന്നിംഗ്സ് ആരംഭിക്കുന്നതിനു മുമ്പു തന്നെ ഇന്ത്യ ഡിക്ലയർ ചെയ്തതായി അറിയിക്കുകയായിരുന്നു.

ഇന്നലെ രാഹുലും, ജഡേജയും, ജുറേലും നേടിയ സെഞ്ച്വറികളാണ് ഇന്ത്യയ്ക്ക് വൻ ലീഡ് നേടിക്കൊടുത്തത്. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റിൻഡീസ് 162 റൺസിന് പുറത്തായിരുന്നു.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ സൂപ്പർ താരങ്ങളായ വിരാട് കോലിയും രോഹിത് ശർമയും അന്താരാഷ്ട്ര ക്രിക്കറ്റിലേക്ക് തിരിച്ചെത്തുന്നു. ഈ മാസത്തെ ഓസീസ് ഏകദിന മത്സര പരമ്പരയിൽ ഇരുവരും ടീമിൽ ഇടംപിടിച്ചേക്കും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ നാളെ തിരുവനന്തപുരം കൊമ്പൻസ്, കണ്ണൂർ വാരിയേഴ്സ് FC യെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊല്ലം മൺറോ തുരുത്തിലെ കല്ലട ജലോൽസവത്തിൽ ആയാപറമ്പ് വലിയ ദിവാൻജി ജേതാവായി. ഫ്രണ്ട്സ് ബോട്ട് ക്ലബിന്റെ ശ്രീവിനായകൻ രണ്ടാം സ്ഥാനം നേടി.

✪✪✪

കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ആദ്യ സ്റ്റാൾ മയ്യിലിൽ പ്രവർത്തനം തുടങ്ങി. ജില്ലയിൽ ആറ് ഔട്ട്ലെറ്റുകൾ ഉടൻ ആരംഭിക്കും.

✪✪✪

സ്വർണ്ണവില വീണ്ടും വർധിച്ചു. ഇന്ന് പവന് 640 രൂപ കൂടി 87,560 രൂപയിലെത്തി. 10,945 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒൻപതുകാരിയുടെ കൈ മുറിച്ചുമാറ്റേണ്ടി വന്നത് ചികിത്സാപ്പിഴവ് മൂലമാണെന്ന പരാതിയിൽ അന്വേഷണം ആവശ്യപ്പെട്ട് വിവിധ സംഘടനകൾ പ്രതിഷേധം ശക്തമാക്കി. എന്നാൽ ഡോക്ടർമാർക്ക് വീഴ്ച്ച സംഭവിച്ചിട്ടില്ലെന്നാണ് അന്വേഷണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥർ നൽകിയ പ്രാഥമിക റിപ്പോർട്ടിലെ കണ്ടെത്തലെന്നാണ് സൂചന. പല്ലശ്ശന ഒഴിവുപാറയിലെ പെൺകുട്ടിയുടെ വലതുകൈ ആണ് മുറിച്ചുമാറ്റേണ്ടി വന്നത്.

✪✪✪

ഇന്ന് ലോക മൃഗ ദിനം. ഫ്രാൻസിസ് ഓഫ് അസീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ നാലിനാണ് ലോക മൃഗ ദിനം ആചരിക്കുന്നത്. 'മൃഗങ്ങളെ സംരക്ഷിക്കൂ, ഗ്രഹത്തെ സംരക്ഷിക്കൂ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ലോക മൃഗ ദിനാചരണത്തിന്റെ 100-ാം വാർഷികം കൂടിയാണ് 2025.

✪✪✪

---

*News Editor : ശ്രുതി*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: ഷീബ*